സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 276 2026 ഫെബ്രുവരി 16 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പെങ്ങാമുക്കിൽ ശിവരാത്രി ആഘോഷത്തിനിടെ സംഘർഷം

കുന്നംകുളം: പെങ്ങാമുക്ക് യങ്ങ്ഗാങ്ങ് കമ്മിറ്റിയുടെ ശിവരാത്രി ആഘോഷത്തിനിടെ ഉണ്ടായ സംഘർഷത്തിൽ ഡിവൈഎഫ്ഐ മേഖലാ സെക്രട്ടറി ജിഷിൻ ഉൾപ്പെടെയുള്ളവർക്ക് പരിക്കേറ്റു. അമീഗോസ് ക്ലബ് പ്രവർത്തകർ ആഘോഷം തടയുകയും വടിയും കല്ലും ഉപയോഗിച്ച് അക്രമം നടത്തുകയായിരുന്നു എന്നായിരുന്നു ആരോപണം. ആക്രമണത്തിൽ പരിക്കേറ്റ ജിഷിനെയും മറ്റ് യങ്ങ്ഗാങ്ങ് പ്രവർത്തകരെയും പെരുമ്പിലാവ് അൻസാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

സ്വർണ്ണവില ഇടിഞ്ഞു

തൃശ്ശൂർ: കേരളത്തിൽ സ്വർണവില കുറഞ്ഞു. പവന് ഇന്ന് 960 രൂപയാണ് കുറഞ്ഞത്. ഒരു പവൻ 22 കാരറ്റ് സ്വർണത്തിന്റെ ഇന്നത്തെ വിപണി വില 114,720 രൂപയാണ്.

ബോംബ് നിർമ്മാണത്തിനിടെ സ്ഫോടനം: ചികിത്സയിലായിരുന്ന അമ്മയും മകനും മരിച്ചു

ഭുവനേശ്വർ: എയർഫീൽഡ് പൊലീസ് സ്റ്റേഷൻ പരിധിയിൽ വീടിന്റെ മുകളിലുണ്ടായ ബോംബ് സ്ഫോടനത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന യുവാവും മാതാവും മരിച്ചു. ജനുവരി 27ന് നടന്ന അപകടത്തിൽ ഗുരുതരമായി പൊള്ളലേറ്റ കുപ്രസിദ്ധ ഗുണ്ട ഷാനവാസ് മാലിക് (26), മാതാവ് ലിസാറ്റുന്ന ബീബി (51) എന്നിവരാണ് മരിച്ചത്.

ഫെബ്രുവരി 4നാണ് ഷാനവാസ് മരണത്തിന് കീഴടങ്ങിയത്. കട്ടക്കിലെ എസ്സിബി മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന മാതാവ് ഫെബ്രുവരി 10നും മരണപ്പെട്ടു.

ഷാനവാസിന്റെ വീടിന്റെ ടെറസിലിരുന്ന് ബോംബ് നിർമ്മിക്കുന്നതിനിടെയാണ് സ്ഫോടനമുണ്ടായതെന്നാണ് പൊലീസ് നിഗമനം. സംഭവത്തിൽ ഷാനവാസിന്റെ പ്രതിശ്രുത വധു തൃപ്തിമയി മഹൽ (23), സഹായി അമിയ മല്ലിക് (27) എന്നിവർക്കും ഗുരുതരമായി പരിക്കേറ്റിരുന്നു. ഇരുവരും ഭുവനേശ്വറിലെ സ്വകാര്യ ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്.

കൊലപാതകശ്രമം, ആയുധ നിയമം തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഷാനവാസിനെതിരെ ഏഴോളം ക്രിമിനൽ കേസുകൾ നിലവിലുണ്ടെന്ന് പൊലീസ് അറിയിച്ചു. ഒരു രാഷ്ട്രീയ സംഘർഷത്തെത്തുടർന്ന് ജയിലിലായിരുന്ന ഇയാൾ മൊസം മുമ്പാണ് ജാമ്യത്തിലിറങ്ങിയത്. ഇയാൾ പൊലീസിന്റെ നിരീക്ഷണത്തിലായിരുന്നു.

സ്ഫോടനസമയത്ത് ഒന്നിലധികം നാടൻ ബോംബുകൾ അവിടെ ഉണ്ടായിരുന്നതായും അവ അശ്രദ്ധമായി കൈകാര്യം ചെയ്തതാകാം അപകടത്തിന് കാരണമായതെന്നുമാണ് അന്വേഷണ ഉദ്യോഗസ്ഥർ സംശയിക്കുന്നത്. സംഭവത്തിൽ എയർഫീൽഡ് പൊലീസ് വിശദമായ അന്വേഷണം തുടരുകയാണ്.

ശബരിമല യുവതീപ്രവേശനം; ഹർജികൾ പരിഗണിക്കുന്നത് പുതിയ ഭരണഘടനാ ബെഞ്ച്

മാർച്ച് 14ന് മുൻപ് നിലപാടറിയിക്കണം

ന്യൂഡൽഹി: ശബരിമല യുവതീപ്രവേശന ഹർജികൾ പുതിയ ഭരണഘടനാ ബെഞ്ചിന് പരിഗണിക്കാമെന്നറിയിച്ച് സുപ്രീം കോടതി. ചീഫ് ജസ്റ്റിസായിരിക്കും ഒമ്പതംഗ ബെഞ്ചിന് നേതൃത്വം നൽകുന്നത്. ഇക്കാര്യം നേരത്തെ നിശ്ചയിച്ചതാണെന്നും കോടതി അറിയിച്ചു. എല്ലാ കക്ഷികളും മാർച്ച് 14ന് മുൻപ് നിലപാട് എഴുതി നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഒമ്പതംഗ ബെഞ്ച് ഏപ്രിൽ ഏഴിന് രാവിലെ പത്തരമണിമുതൽ വാദം തുടങ്ങും. ഏപ്രിൽ ഒമ്പതുവരെ ഹർജിയെ പിന്തുണയ്ക്കുന്നവരുടെ വാദം തുടരും. ശേഷം ഏപ്രിൽ 14 മുതൽ 16വരെയാണ് ഏതിർകക്ഷികളുടെ വാദം നടക്കുക. ഏതെങ്കിലും തരത്തിൽ എതിർപ്പുണ്ടെങ്കിൽ തുടർവാദങ്ങൾ നടത്തുമെന്നും കോടതി അറിയിച്ചു. ഏപ്രിൽ 22ന് വാദം പൂർത്തിയാക്കുമെന്നും സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്. ശബരിമല സ്ത്രീപ്രവേശനം ഉൾപ്പെടെ മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട സങ്കീർണ വിഷയങ്ങളടങ്ങുന്ന 67 ഹർജികളാണ് കോടതിക്ക് മുന്നിലുള്ളത്.

വിവിധ മതങ്ങളുടെ വിഷയം ഒന്നിച്ച് പരിഗണിക്കണമെന്ന് അഭിഭാഷകർ കോടതിയോട് ആവശ്യപ്പെട്ടു. എന്നാൽ, പഴയ ഒമ്പതംഗ ബെഞ്ചിൽ ഇപ്പോൾ കോടതിയിൽ ബാക്കിയുള്ളത് താൻ മാത്രമെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് വാദത്തിനിടെ അഭിഭാഷകരോട് പറഞ്ഞു. കൊവിഡ് കാരണമാണ് നേരത്തെ വാദം കേൾക്കൽ മുടങ്ങിയതെന്നും നിലവിലെ എഴ് ചോദ്യത്തിന് പുറമെ കൂടുതൽ ചോദ്യങ്ങൾ ഓരോ കേസിനും അനുസരിച്ച് പരിഗണിക്കാമെന്നും ചീഫ് ജസ്റ്റിസ് അറിയിച്ചു.

അതേസമയം, ശബരിമല യുവതിപ്രവേശനവുമായി ബന്ധപ്പെട്ട വിധി പുനഃപരിശോധിക്കുന്നതിനെ അനുകൂലിക്കുന്നുവെന്നാണ് കേന്ദ്രം അറിയിച്ചത്. ഹർജികളെ എതിർക്കുന്നില്ലെന്ന് സംസ്ഥാന സർക്കാരും അറിയിച്ചിട്ടുണ്ട്. ശബരിമലയിൽ സ്ത്രീകൾക്ക് പ്രായഭേദമന്യേ പ്രവേശനം അനുവദിക്കണമെന്ന 2018ലെ വിധിക്കെതിരായ പുനഃപരിശോധനാ ഹർജികളാണ് സുപ്രീംകോടതി പരിഗണിക്കുന്നത്. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ മൂന്നംഗ ബഞ്ചാണ് ഏഴ് വർഷത്തിനുശേഷം ഈ വിഷയം പരിഗണിക്കുന്നത്.

ഇറാനെ ആക്രമിക്കാൻ യുഎസ്? ഏറ്റവും രൂക്ഷമായ ഏറ്റുമുട്ടൽ നടക്കാൻ പോകുന്നുവെന്ന് റിപ്പോർട്ട്

വാഷിംഗ്ടൺ: ഇറാനെ ആക്രമിക്കാൻ യുഎസ് ലക്ഷ്യമിടുന്നതായി റിപ്പോർട്ട്. ഇറാനിൽ ആഴ്ചകൾ നീളുന്ന സൈനികനടപടിക്ക് യുഎസ് സൈന്യം സജ്ജമാകുന്നെന്ന റിപ്പോർട്ടാണ് റോയിറ്റേഴ്സ് വാർത്താ ഏജൻസി പുറത്തുവിടുന്നത്. ഇറാനും യുഎസും തമ്മിൽ ഇതുവരെയുണ്ടായതിൽ വച്ച് ഏറ്റവും രൂക്ഷമായ ഏറ്റുമുട്ടലാകും ഇതെന്നാണ് യുഎസ് ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് വാർത്ത ഏജൻസികൾ പറയുന്നത്.

ലോകത്തെ ഏറ്റവും വലിയ വിമാനവാഹിനി കപ്പലായ യുഎസിന്റെ യു.എസ്.എസ് ജെറാൾഡ് ആർ. ഫോർഡ് മിഡിൽ ഈസ്റ്റിലേക്ക് അയച്ചിട്ടുണ്ട്. കരീബിയൻ കടലിൽ നിലയുറപ്പിച്ചിരുന്ന ജെറാൾഡ് ആർ. ഫോർഡ് മിഡിൽ ഈസ്റ്റിലേക്ക് യാത്ര തുടങ്ങിയെന്നാണ് വിവരം.

ഇറാനിലെ ഭരണകൂടത്തെ അട്ടിമറിക്കുന്നതിനെക്കുറിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വെള്ളിയാഴ്ച പരസ്യമായി പ്രതികരിച്ചിരുന്നു. 'അതാണ് സംഭവിക്കാവുന്നതിൽവച്ച് ഏറ്റവും നല്ല കാര്യമെന്നാണ് തോന്നുന്നത്' എന്നാണ് നോർത്ത് കരോലീനയിലെ ഫോർട്ട് ബ്രാഗിലെ സേനാ പരിപാടിയിൽ പങ്കെടുക്കവേ ട്രംപ് പറഞ്ഞത്. നയതന്ത്ര ശ്രമങ്ങൾ പരാജയപ്പെട്ടാൽ ഇറാന് ഗുരുതര പ്രത്യാഘാതം ഉണ്ടാകുമെന്ന് ട്രംപ് നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നു.

എന്നാൽ ആക്രമിച്ചാൽ യുഎസിന് തിരിച്ചടി നൽകുമെന്നാണ് ഇറാൻ മുന്നറിയിപ്പ് നൽകുന്നത്. ഇറാന്റെ ബാലിസ്റ്റിക് മിസൈലുകളെ നിയന്ത്രിക്കണമെന്നടക്കം യു എസ് ആവശ്യപ്പെടുന്നുണ്ട്. ഉപരോധങ്ങൾ നീക്കുമെങ്കിൽ ആണവ പദ്ധതിയെ പരിമിതപ്പെടുത്താനുള്ള കരാറിന് ഇറാൻ തയ്യാറാണ്. എന്നാൽ ആണവ പദ്ധതി പൂർണമായും ഉപേക്ഷിക്കില്ലെന്നും മിസൈൽ ശേഷി അടക്കം രാജ്യത്തിന്റെ പ്രതിരോധ വിഷയങ്ങളിൽ ആരും ഇടപെടേണ്ട എന്നുമാണ് ഇറാൻ ആവർത്തിക്കുന്നത്.

മാതൃഭൂമിക്ക് വനിതാ കമ്മീഷൻ മാധ്യമ 3 പുരസ്കാരങ്ങൾ

ഷിനോജ് എസ് ടി — രജി ആർ നായർ — ഇ വി ഉണ്ണികൃഷ്ണൻ

തിരു : 2025 ലെ കേരള വനിതാ കമ്മീഷൻ മാധ്യമ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മാതൃഭൂമിക്ക് മൂന്ന് പുരസ്കാരങ്ങൾ. മികച്ച ദൃശ്യമാധ്യമ റിപ്പോർട്ടിന് മാതൃഭൂമി ന്യൂസ് കോട്ടയം ബ്യൂറോ റിപ്പോർട്ടർ ഷിനോജ് എസ് ടി അർഹനായി. ആരതി എന്ന മിടുക്കിയെ കുറിച്ചുള്ള റിപ്പോർട്ടിനാണ് അംഗീകാരം. മികച്ച ദൃശ്യമാധ്യമ റിപ്പോർട്ട് ജൂറിയുടെ പ്രത്യേക പരാമർശത്തിന് മാതൃഭൂമി ന്യൂസിലെ അസി ന്യൂസ് എഡിറ്റർ ഇ വി ഉണ്ണികൃഷ്ണൻ അർഹനായി. സ്റ്റോറി ഓഫ് കുട്ടിയമ്മ എന്ന റിപ്പോർട്ടിലാണ് പുരസ്കാരം. അച്ചടി മാധ്യമ വിഭാഗത്തിൽ മികച്ച ഫീച്ചറിനുള്ള പുരസ്കാരം മാതൃഭൂമി കോഴിക്കോട് യൂണിറ്റിലെ സീനിയർ സബ് എഡിറ്റർ രജി ആർ നായർക്ക്. അവൾ മാറി പക്ഷേ.. എന്ന വാർത്ത പരമ്പരക്കാണ് പുരസ്കാരം

സി.പി.എമ്മിനെ പരിഹസിച്ച് വി ഡി സതീശൻ

തിരു : ശബരിമല യുവതീപ്രവേശന വിഷയത്തിൽ നിലപാട് തിരുത്താൻ സംസ്ഥാന സർക്കാർ തയാറാകണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. മാറ്റുമെന്ന് പറഞ്ഞ് കബളിപ്പിച്ചാണ് പല സംഘടനകളേയും ആഗോള അയ്യപ്പ സംഗമത്തിന് ക്ഷണിച്ചത്. സത്യവാങ്മൂലം തിരുത്തിയില്ലെങ്കിൽ ഇവരുടെ കാപട്യം പുറത്തുവരും. അഴകുഴമ്പൻ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. വിഷയത്തിൽ തീരുമാനമോ ഉറപ്പോ നിലപാടോ സർക്കാറിനില്ലെന്നും എന്നാൽ അയ്യപ്പ ഭക്തരുടെ വോട്ട് വേണമെന്നും സതീശൻ പരിഹസിച്ചു.

"സർക്കാർ നൽകിയ സത്യവാങ്മൂലം തിരുത്തണമെന്ന് ഇന്നലെയും വളരെ വ്യക്തമായി പറഞ്ഞല്ലോ. മാറ്റുമെന്ന് പറഞ്ഞ് കബളിപ്പിച്ചാണ് പല സംഘടനകളേയും ആഗോള അയ്യപ്പ സംഗമത്തിന് ക്ഷണിച്ചത്. നേരത്തെയുള്ള നിലപാടുമായി ബന്ധപ്പെട്ട് മാപ്പ് പറഞ്ഞിരുന്നു. സത്യവാങ്മൂലം തിരുത്തിയില്ലെങ്കിൽ ഇവരുടെ കാപട്യം പുറത്തുവരും. അഴകുഴമ്പൻ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സത്യവാങ്മൂലം തിരുത്തി നൽകാൻ പത്തു മിനിറ്റ് പോരേ?

സാമൂഹ്യ സാഹചര്യങ്ങൾ മാറിയതിനാൽ നേരത്തെയുള്ള സർക്കാർ നിലപാട് മാറ്റുന്നു, ശബരിമല യുവതീപ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി നടപ്പാക്കരുത് എന്ന് തിരുത്തിക്കൊടുക്കാൻ എത്ര മണിക്കൂർ ചർച്ച വേണം? തീരുമാനമോ ഉറപ്പോ നിലപാടോ സർക്കാറിനില്ല. എന്നാൽ അയ്യപ്പ ഭക്തരുടെ വോട്ട് വേണം. എല്ലാം കൂടെ നടക്കില്ല. തിരുത്താൻ തയാറാണോ എന്ന് സർക്കാർ പറയണം. തിരുത്തണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. യു.ഡി.എഫ് സർക്കാർ വരുമ്പോൾ തിരുത്തിക്കൊടുക്കും" –വി.ഡി. സതീശൻ പറഞ്ഞു.

സർക്കാരെടുക്കുന്ന തീരുമാനവും പാർട്ടിയുടെ നിലപാടും ഒന്നാകണമെന്നില്ലല്ലോ?'

തിരു : ശബരിമല യുവതീപ്രവേശനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി ഹർജികൾ പരിഗണിക്കുന്നത് പാർട്ടിയിൽ പ്രതിസന്ധി സൃഷ്ടിക്കില്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. സർക്കാരെടുക്കുന്ന തീരുമാനവും സിപിഎമ്മിന്റെ നിലപാടും ഒന്നാണെന്ന് പറയാൻ സാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. ജനങ്ങൾക്ക് അനുകൂലമായ ഒട്ടനവധി കാര്യങ്ങൾ സർക്കാർ ചെയ്തിട്ടുണ്ടെന്നും ഗോവിന്ദൻ കൂട്ടിച്ചേർത്തു. കഴിഞ്ഞ ദിവസവും ശബരിമല യുവതീ പ്രവേശന വിഷയത്തിൽ ഇതേനിലപാടാണ് ഗോവിന്ദൻ ആവർത്തിച്ചത്.

'കോടതിയാണ് ശബരിമലയിലെ യുവതീ പ്രവേശനം വേണമോ വേണ്ടേയെന്ന് തീരുമാനിക്കുന്നത്. അത് അടിസ്ഥാനമാക്കിയുള്ള നിലപാടാണ് സർക്കാർ എല്ലാകാലത്തും എടുക്കുന്നത്. സർക്കാരെടുക്കുന്ന തീരുമാനവും പാർട്ടിയുടെ നിലപാടും ഒന്നാകണമെന്നില്ലല്ലോ? തിരഞ്ഞെടുപ്പ് സമയത്ത് ഈ പ്രശ്നം വീണ്ടും വരുന്നത് സിപിഎമ്മിനെ പ്രതിസന്ധിയിലാക്കില്ല. ചിലർ പ്രതിസന്ധിയുണ്ടാക്കാനാണ് ശ്രമിക്കുന്നത്. ജനങ്ങൾക്ക് അനുകൂലമായ നിരവധി മാറ്റങ്ങൾ ഇടതുപക്ഷമുന്നണി കൊണ്ടുവന്നിട്ടുണ്ട്'– എം വി ഗോവിന്ദൻ പറഞ്ഞു.

അന്തരിച്ച മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന്റെ പി എ ആയിരുന്ന സുരേഷ് പാർട്ടി മാറിയതിനെക്കുറിച്ചും ഗോവിന്ദൻ പ്രതികരിച്ചു. സുരേഷിനെ പാർട്ടിയിൽ നിന്ന് പുറത്താക്കിയതാണെന്നും അല്ലാതെ അയാൾ മനംമടുത്ത് പോയതല്ലെന്നുമായിരുന്നു ഗോവിന്ദൻ പറഞ്ഞത്.

ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാർ കോടതിയിൽ നിലപാടറിയിക്കുമെന്നാണ് ഗോവിന്ദൻ ഇന്നലെ പറഞ്ഞത്. 'ഞങ്ങൾക്കാണ് വിശ്വാസികളോട് ഏറ്റവും കൂടുതൽ കൂറുള്ളത്. ഞങ്ങൾ അന്ന് കോടതി പറഞ്ഞ നിലപാടാണ് എടുത്തത്. കയറ്റണ്ടെന്ന് പറഞ്ഞാൽ ആ നിലപാട് സ്വീകരിക്കും. കോടതിയുടെ തീരുമാനം വരട്ടെ'– ഗോവിന്ദൻ പറഞ്ഞിരുന്നു.

മാളിലെ സംഘർഷം: പൊലീസുകാരനെതിരെ ജാമ്യമില്ലാ വകുപ്പ് ചുമത്തിയത് ശരിവച്ച് അന്വേഷണ റിപ്പോർട്ട്

തിരു : നഗരത്തിലെ ഷോപ്പിംഗ് മാളിൽ എസ് എഫ് ഐ പ്രവർത്തകരുമായുള്ള സംഘർഷവുമായി ബന്ധപ്പെട്ട് സിവിൽ പൊലീസ് ഓഫീസറായ മിഥുൻ റോയിക്കെതിരെ ഗുരുതര വകുപ്പുകൾ ചുമത്തിയ നടപടി ശരിവച്ച് അന്വേഷണ റിപ്പോർട്ട്. ഫോർട്ട് അസിസ്റ്റന്റ് കമ്മിഷണർ തയ്യാറാക്കിയ റിപ്പോർട്ട് സിറ്റി പോലീസ് കമ്മിഷണർക്ക് സമർപ്പിക്കും. സിവിൽ പൊലീസ് ഓഫീസർ മിഥുൻ റോയ്, കൂടെയുണ്ടായിരുന്ന ബന്ധുവായ സ്ത്രീ, ഒരു കൂട്ടം എസ്എഫ്ഐ പ്രവർത്തകർ എന്നിവർക്കെതിരെയും കേസെടുത്തിട്ടുണ്ട്. എന്നാൽ എസ്എഫ്ഐ പ്രവർത്തകർക്കെതിരെ നിസാരവകുപ്പുകളാണ് ചുമത്തിയത്.

കഴിഞ്ഞ ഡിസംബർ 31ന് പുതുവത്സരാഘോഷത്തിനിടെ ശംഖുംമുഖത്തെത്തിയ എസ്എഫ്ഐ പ്രവർത്തകരും, മിഥുൻ ഉൾപ്പെടെയുള്ള പൊലീസ് സംഘവും തമ്മിൽ ഉന്തുംതള്ളുമുണ്ടായിരുന്നു. അന്ന് പൊലീസ് ലാത്തി വീശുകയും ചെയ്തു. ഇതിന്റെ പ്രതികാരമായാണ് മാളിലെ സംഘർഷം.

എസ്എഫ്ഐ പ്രവർത്തകർ പൊലീസുകാരനെ പിന്തുടർന്ന് പ്രകോപിപ്പിക്കുന്നതും, മിഥുൻ റോയ് ഇടിവള ഉപയോഗിച്ച് ഇവരെ നേരിടുന്നതുമായ ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. മിഥുൻ റോയിക്കെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തത് നിയമപരമായി നിലനിൽക്കുമെന്നാണ് എസിപിയുടെ കണ്ടെത്തൽ. അതേസമയം, സംഘർഷത്തിൽ ഉൾപ്പെട്ട എസ്എഫ്ഐ പ്രവർത്തകർക്കെതിരെ നിസാര വകുപ്പുകൾ ചുമത്തിയെന്ന ആക്ഷേപവും നിലനിൽക്കുന്നുണ്ട്.

ഡ്യൂട്ടിയുടെ ഭാഗമായി പല കാര്യങ്ങളിലും ഇടപെടേണ്ടി വരും. അതിന്റെ പേരിൽ ഉദ്യോഗസ്ഥരെ പിന്തുടർന്ന് ഉപദ്രവിക്കുന്നത് അംഗീകരിക്കാനാവില്ലെന്ന് സിറ്റി പൊലീസ് കമ്മിഷണർ വ്യക്തമാക്കി. ഉദ്യോഗസ്ഥനെതിരെ ജാമ്യമില്ലാ വകുപ്പ് ചുമത്താനുണ്ടായ സാഹചര്യത്തെക്കുറിച്ച് പ്രത്യേക അന്വേഷണം നടത്താൻ കമ്മിഷണർ നേരത്തെ നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ റിപ്പോർട്ട് സമർപ്പിക്കുന്നത്.

ഡയറിയിൽ സൂചന നൽകിയ ശേഷം പ്ലസ് വൺ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തു

ഗുരുഗ്രാം: കാണാതായ പ്ലസ് വൺ വിദ്യാർത്ഥിനിയുടെ മൃതദേഹം ശ്മശാനത്തിനടുത്തുള്ള കുളത്തിൽ നിന്ന് കണ്ടെത്തി. ഹരിയാനയിലെ ഗുരുഗ്രാമിലായിരുന്നു സംഭവം. ആത്മഹത്യയാണെന്നാണ് പ്രാഥമിക വിവരം. പെൺകുട്ടി എഴുതിയതെന്ന് സംശയിക്കുന്ന ഡയറി പൊലീസ് കണ്ടെടുത്തിട്ടുണ്ട്. മൈത്രി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിനിയാണ് മരിച്ചത്.

'അമ്മയും അച്ഛനും ദയവായി എന്നോട് ക്ഷമിക്കൂ, ഞാൻ മുത്തച്ഛന്റെ അടുത്തേക്ക് പോകുകയാണ്. എന്നെ കുളത്തിന് സമീപം നോക്കൂ'– എന്നാണ് ഡയറിൽ എഴുതിയിരുന്നത്.

പെൺകുട്ടിയുടെ പിതാവ് കോടതി ലൈബ്രറിയിലാണ് ജോലി ചെയ്യുന്നത്. ഫെബ്രുവരി 11ന് രാത്രി ഭക്ഷണം കഴിച്ച ശേഷം പഠിക്കാനുണ്ടെന്ന് പറഞ്ഞാണ് പെൺകുട്ടി മുറിയിലേക്ക് പോകുന്നത്. എന്നാൽ അടുത്തദിവസം രാവിലെ മുറിയിൽ കുട്ടിയുണ്ടായിരുന്നില്ല.

തുടർന്നാണ് പൊലീസിൽ വിവരം അറിയിച്ചത്. വീടിന്റെ സമീപപ്രദേശങ്ങളിൽ നിന്ന് ശേഖരിച്ച സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചപ്പോൾ കുട്ടി യൂണിഫോം ധരിച്ച് വീട്ടിൽ നിന്ന് ഇറങ്ങിനടക്കുന്നതായി കണ്ടു. വെള്ളിയാഴ്ച പെൺകുട്ടിയുടെ മുറിയിൽ നടത്തിയ പരിശോധനയിലാണ് ഡയറി കണ്ടെത്തിയത്. കുളത്തിലെ ചെളിയിൽ കുടുങ്ങിയ നിലയിലായിരുന്നു മൃതദേഹം. പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം കുടുംബാംഗങ്ങൾക്ക് കൈമാറി. സംഭവത്തിൽ പൊലീസ് അന്വേഷണം നടത്തിവരികയാണ്.

ഷംനാസുമായുള്ള സമവായ ചർച്ച നിയമവിരുദ്ധം; താൽപര്യമില്ലെന്ന് നടൻ നിവിൻപോളി

കൊച്ചി: ആക്ഷൻ ഹീറോ ബിജു 2ന്റെ ടൈറ്റിലുമായി ബന്ധപ്പെട്ട കേസിൽ നിർമാതാവ് ഷംനാസുമായി സമവായ ചർച്ചയ്ക്ക് താൽപര്യമില്ലെന്ന് നടൻ നിവിൻ പോളി. വഞ്ചനാക്കുറ്റം ചുമത്തിയ കേസിൽ സമവായ ചർച്ച നിയമവിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടിയാണ് താരം ഹൈക്കോടതിയെ നിലപാട് അറിയിച്ചത്. ഇക്കാര്യം ഹൈക്കോടതി നിയോഗിച്ച മധ്യസ്ഥനെയും അറിയിക്കും.

ആക്ഷൻ ഹീറോ ബിജു 2 എന്ന ചിത്രത്തിന്റെ ടൈറ്റിൽ അവകാശം സ്വന്തമാക്കുന്നതിനായി ഷംനാസ് തന്റെ ഒപ്പ് വ്യാജമായി ചമച്ചുവെന്നാണ് നിവിൻപോളിയുടെ പരാതി. നിവിൻ പോളി, എ ബ്രിഡ് ഷൈൻ, ഷംനാസ് എന്നിവ ഒപ്പിട്ട ചിത്രത്തിന്റെ കരാറിൽ ചിത്രം സംബന്ധിച്ച എല്ലാ അവകാശങ്ങളും നിവിന്റെ നിർമാണക്കമ്പനിയായ പോളി ജൂനിയറിനായിരുന്നു. എന്നാൽ ഇത് മറച്ച് വച്ച് ഫിലിം ചേംബറിൽ നിന്ന് ചിത്രത്തിന്റെ പേരിന് മേലുള്ള അവകാശം ഷംനാസ് സ്വന്തമാക്കിയെന്നും ഇത് സാധൂകരിക്കുന്നതിനായി തന്റെ ഒപ്പ് വ്യാജമായി ചമച്ച് രേഖ ഹാജരാക്കിയെന്നുമാണ് താരം പരാതി നൽകിയിരുന്നത്. എന്നാൽ താരത്തിന്റെ പരാതി വ്യാജമാണെന്നും താൻ അങ്ങനെയൊരു കത്ത് കൊടുത്തിട്ടില്ലെന്നുമാണ് ഷംനാസിന്റെ വാദം.

ഷംനാസും നിവിനും തമ്മിലുള്ള രണ്ട് കേസുകളും മധ്യസ്ഥതയിലൂടെ ഒത്തുതീർക്കണമെന്നായിരുന്നു ഹൈക്കോടതിയുടെ നിർദേശം. നടന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഷംനാസിനെതിരെ നടപടികൾ സ്വീകരിക്കുന്നതും ഹൈക്കോടതി വിലക്കിയിരുന്നു. വിഷയത്തിൽ ചർച്ച ആരംഭിക്കാനും നിരീക്ഷിക്കാനും മധ്യസ്ഥന് ഉത്തരവാദിത്തവും കൈമാറിയിരുന്നു.

അറിയിപ്പ്

KL08 BX 2714 എന്ന വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുവെന്ന് അറിയിച്ച് ടി വാഹന ഉടമ SUMITHRA A.B, Ammath House, Puzhakkal, Thrissur-680553, Phone: 9495855712 ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആർക്കെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ ഈ പരസ്യ തിയ്യതി മുതൽ 7 ദിവസത്തിനുള്ളിൽ തൃശൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ രേഖാമൂലം അറിയിക്കുവാൻ താല്പര്യപ്പെടുന്നു. ഒറിജിനൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശം ഉള്ളവർ ആയത് ഈ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

തൃശൂർ, 16-02-2026 — അഡീഷ്ണൽ രജിസ്റ്ററിംഗ് അതോറിറ്റി, തൃശൂർ.

WANTED

Wanted a Male Staff with profficiency in Digital Marketing for office at AYYANTHOLE. Residents within 7kms with driving license preferred.

Contact:
8075341214

ഒന്നായി തുടരാം
നവകേരളത്തിലേക്ക്
27
വില്ലേജ് ഓഫീസുകൾ കൂടി സ്മാർട്ടാകുന്നു
2026 ഫെബ്രുവരി 16
വൈകീട്ട് 4.30 ന് വട്ടിയൂർക്കാവ് സ്മാർട്ട് വില്ലേജ് ഓഫീസ് അങ്കണം
സ്മാർട്ട് വില്ലേജ്
ഭരണാനുമതി.....885
പൂർത്തിയായവ.....622
നിർമ്മാണ പുരോഗതിയിൽ....90
ടെണ്ടർ/ ഭരണപരമായ നടപടിയിൽ.....173
ഏറെക്കാലം 400 ഓഫീസുകൾ നവീകരിച്ച് സ്മാർട്ട് വില്ലേജുകളാക്കി
സംസ്ഥാനതല ഉദ്ഘാടനം
ശ്രീ. കെ. രാജൻ
ബഹു. റവന്യൂ, ഭവന നിർമാണ വകുപ്പ് മന്ത്രി
ബഹു. എം പി, എം എൽ എ, മറ്റ് ജന പ്രതിനിധികൾ പങ്കെടുക്കും
എല്ലാ റവന്യൂ ഓഫീസുകളും ഇ - സംവിധാനത്തിലേക്ക്
ഇ - ഡിസ്ട്രിക്ട് പോർട്ടൽ വഴി 10 ലക്ഷത്തിലധികം സാക്ഷ്യപത്രങ്ങൾ
വില്ലേജ് ഓഫീസിൽ പോകാതെ ഭൂനികുതി അടയ്ക്കുന്നതിന് മൊബൈൽ ആപ്
1666 വില്ലേജുകളിലെ ബി.റ്റി.ആർ. തണ്ടപ്പേർ ഡിജിറ്റൈസേഷൻ പൂർത്തിയാക്കി
റവന്യൂ വകുപ്പ്
ഇൻ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഏഴാമത് ഇരിങ്ങാലക്കുട രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് 21ന് തിരി തെളിയും; ഉദ്ഘാടന ചിത്രം ' ഖിഡ്കി ഗാവ്'

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട വീണ്ടും അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് വേദിയാകുന്നു. ഏഴാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് ഇരിങ്ങാലക്കുടയിൽ ഫെ. 21ന് തിരിതെളിയും.

21ന് രാവിലെ 9.30 ന് മാസ് മൂവീസിൽ നഗരസഭ ചെയർമാൻ എം പി ജാക്സൺ ചലച്ചിത്രമേള ഉദ്ഘാടനം ചെയ്യും. 10ന് കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ ഫിപ്രസ്കി പുരസ്കാരം നേടിയ 'ഖിഡ്കി ഗാവ്' ഉദ്ഘാടന ചിത്രമായി പ്രദർശിപ്പിക്കും. ഫെബ്രുവരി 21 മുതൽ 26 വരെയായി മാസ് മൂവീസിലും റോട്ടറി ക്ലബ് മിനി ഹാളിലുമായി ഡോക്യുമെന്ററികൾ അടക്കം പ്രേക്ഷക ശ്രദ്ധ നേടിയ 23 ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

കഴിഞ്ഞ കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ അഭിനന്ദനങ്ങൾ നേടിയ മോഹം, എബ്ബ്, പാപ്പ ബുക്ക, ചാവു കല്യാണം, അംബ്രോസിയ, ആദി സ്നേഹത്തിന്റെ വിരുന്ന് മേശ, കാത്തിരിപ്പ്, കെഎസ്എഫ്ഡിസി നിർമ്മിച്ച പ്രളയശേഷം ഒരു ജല കന്യക, ഹോമേജ് വിഭാഗത്തിൽ ശാലിനി എന്റെ കൂട്ടുകാരി എന്നീ ചിത്രങ്ങൾ പ്രദർശനത്തിന് എത്തുന്നുണ്ട്. വിദേശ ചലച്ചിത്രമേളകളിൽ അംഗീകാരങ്ങൾ നേടിയ സെന്റിമെന്റൽ വാല്യു, നിനോ, ബെലൻ, ദി ബ്ലൂ ട്രെയിൽ, ലെഫ്റ്റ് ഹാൻഡണ്ട് ഗേൾ, ട്രെയിൻ ഡ്രീംസ് എന്നിവയും കാണാം.

ഡോക്യുമെന്ററി വിഭാഗത്തിൽ ബോംബെയിൽ നിന്നുള്ള ജ്യോതി നിഷ സംവിധാനം ചെയ്ത അംബേദ്കർ നൗ ആന്റ് ദെൻ, സംസ്ഥാന സർക്കാരിന്റെ അവാർഡ് നേടിയ ഷൈനി ജേക്കബ് ബെഞ്ചമിന്റെ 'വി വിൽ നോട്ട് ബി അഫ്രേഡ്' , രാംദാസ് കടവല്ലൂരിന്റെ ' സ തൃപ്പുല്ല് ' എന്നിവയാണ് പ്രദർശിപ്പിക്കുന്നത്.

രാവിലെ 10നും 12നും മാസ് മൂവീസിലും വൈകീട്ട് 6ന് ഇരിങ്ങാലക്കുട റോട്ടറി ക്ലബ് മിനി എസി ഹാളിലുമായിട്ടാണ് പ്രദർശനങ്ങൾ.

ചലച്ചിത്രമേളയുടെ ഭാഗമായി മികച്ച ചലച്ചിത്രത്തിനും സംവിധായകനുമുള്ള സി ആർ കേശവൻ വൈദ്യർ പുരസ്കാരവും, മോഹൻ സ്മാരക പുരസ്കാരവും മേളയിൽ വെച്ച് വിതരണം ചെയ്യും. മേളയുടെ ഭാഗമായി കോളേജ് വിദ്യാർഥികൾക്കായി 'നവഭാവുകത്വം സമകാലിക സിനിമകളിൽ' എന്ന വിഷയത്തിൽ ലേഖനമൽസരവും സംഘടിപ്പിച്ചിട്ടുണ്ട്.

ഇരിങ്ങാലക്കുട ഫിലിം സൊസൈറ്റിയുടെ നേതൃത്വത്തിൽ ചലച്ചിത്ര അക്കാദമി, കെഎസ്എഫ്ഡിസി , തൃശ്ശൂർ രാജ്യാന്തര ചലച്ചിത്രോൽസവം എന്നിവയുടെ സഹകരണത്തോടെയാണ് ചലച്ചിത്രമേള സംഘടിപ്പിക്കുന്നത്.

ഇരിങ്ങാലക്കുട കണ്ടേശ്വരം ശിവക്ഷേത്രത്തിലെ ശിവരാത്രി യോടനുബന്ധിച്ച് നടന്ന എഴുന്നെള്ളിപ്പ്

വയോജന ഗ്രാമസഭ സംഘടിപ്പിച്ചു

തൃപ്രയാർ: വലപ്പാട് ഗ്രാമപഞ്ചായത്തിലെ 2026-27 സാമ്പത്തിക വർഷത്തിലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഭിന്നശേഷി - വയോജന ഗ്രാമസഭ സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി.കെ. മോഹനൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് ഗേളി ഷാജി,വികസനകാര്യ സ്റ്റാൻറ്റിംങ്ങ്കമ്മിറ്റി ചെയർമാൻ പി.എസ് ഷജിത്ത്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ രശ്മി ഷിജോ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സുമേഷ് പാനാട്ടിൽ,ഐ സി ഡി എസ് സൂപ്പർവൈസർ ജസീറ ഹമീദ് തുടങ്ങി ജനപ്രതിനിധികളും വയോജനങ്ങും ഭിന്നശേഷിക്കാരും പങ്കെടുത്ത ഗ്രാമസഭയിൽ വയോജനങ്ങളും ഭിന്നശേഷിക്കാരും നേരിടുന്ന വിഷയങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രവർത്തനങ്ങളും ചർച്ച ചെയ്തു

സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

തളിക്കുളം: കേരള മുസ്ലിം ജമാഅത്ത് തളിക്കുളം സർക്കിൾ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഹയ മെഡിസിറ്റി, ഫൈഡെസ് കണ്ണാശുപത്രി എന്നിവയുടെ സഹകരണത്തോടെ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഞായറാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ കൈതക്കൽ റിയാളുൽ ജന്ന മദ്രസ ഹാളിലായിരുന്നു ക്യാമ്പ് നടന്നത്.

കേരള മുസ്ലിം ജമാഅത്ത് തൃപ്രയാർ സോൺ വൈസ് പ്രസിഡന്റ് യൂസുഫ് ഹാജി ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സർക്കിൾ പ്രസിഡന്റ് കെ.എ. സൈനുദ്ധീൻ അധ്യക്ഷത വഹിച്ചു. ജനറൽ മെഡിസിൻ, സ്ത്രീരോഗ വിഭാഗം, ദന്ത വിഭാഗം എന്നീ മേഖലകളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനവും സൗജന്യ ഷുഗർ പരിശോധനയും നേത്ര പരിശോധനയും ക്യാമ്പിന്റെ ഭാഗമായി നടന്നു. പ്രദേശത്തെ നിരവധി പേർ ക്യാമ്പിൽ പങ്കെടുത്തു.

എസ്.വൈ.എസ് ജില്ലാ കാബിനറ്റ് അംഗം നിസാർ സഖാഫി, അബ്ദുൽ നാസർ ഹാജി, കെ.എ ഷരീഫ്, അശ്റഫ് ആർ.യു, മുഹമ്മദ് പി.എസ്, ബാദുഷ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസും ഇതിനോടനുബന്ധിച്ച് നടന്നു.

ആന ഇടഞ്ഞു

ഗുരുവായൂർ :കോട്ടപ്പടി കപ്പിയൂർ ചിറക്കൽ ഭഗവതി ക്ഷേത്രത്തിലെ ഉത്സവത്തിനിടെ ആന ഇടഞ്ഞു. ചെർപ്പുളശ്ശേരി അനന്തപത്മനാഭൻ എന്ന കൊമ്പനാണ് ഇടഞ്ഞത്. ആനയ്ക്ക് തൊട്ടുമുമ്പിൽ നിന്നിരുന്ന പാപ്പാനെ തുമ്പിക്കൈ കൊണ്ട് തട്ടി നീക്കിയശേഷം ആന തിരിയുകയായിരുന്നു. മറ്റാനകൾക്ക് ഒപ്പം നിൽക്കുമ്പോൾ ആയിരുന്നു സംഭവം.

കെഎസ്ആർടിസി ബസ് അനുവദിക്കണം: ജോയിന്റ് കൗൺസിൽ

ഇരിങ്ങാലക്കുട : തൃശ്ശൂർ - കൊടുങ്ങല്ലൂർ റൂട്ടിൽ സർവ്വീസ് നടത്തുന്നതിന് കെ എസ് ആർ ടി സി ബസുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്ന് ജോയിന്റ് കൗൺസിൽ മേഖലാ സമ്മേളനം ആവശ്യപ്പെട്ടു. സ്വകാര്യ ബസ്സുകളുടെ മത്സരഓട്ടം കാരണം നിരവധി ജീവനുകളാണ് ഈ റോഡിൽ നഷ്ട്ടപ്പെട്ടത്.പൊറത്തിശ്ശേരി വില്ലേജ് ജീവനക്കാരിയായവി എസ് സ്നേഹയുടെ ജീവനും ഊരകത്ത് വച്ച് കഴിഞ്ഞ മാസം നഷ്ട്ടപ്പെട്ടു. മിനിറ്റുകളുടെ മാത്രം വ്യത്യാസത്തിൽഓർഡിനറി ബസുകളോടൊപ്പം രാവിലേയും വൈകീട്ടും ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾക്ക് പെർമിറ്റ് അനുവദിക്കുന്നത് അവസാനിപ്പിക്കണമെന്നും ഈ റൂട്ടിലെ നിശ്ചിതയിടങ്ങളിൽ പഞ്ചിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനും

കർശന പരിശോധനകൾ നടത്താനും മോട്ടോർ വാഹന വകുപ്പ് തയ്യാറാകണമെന്നും ആവശ്യമുയർന്നു.ഇരിങ്ങാലക്കുട റെയിവേ സ്റ്റേഷനിലെ ടിക്കറ്റ് ക്ലർക്കുമാരുടെ എണ്ണം കുറക്കാനുള്ള നീക്കം അവസാനിപ്പിക്കണമെന്നും,സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച ശമ്പള പരിഷ്കരണ ആനുകൂല്യം വരുന്ന ഏപ്രിൽ മാസത്തെ ശമ്പളത്തോടൊപ്പം ലഭിക്കുന്നതിന് നടപടികളുണ്ടാകണമെന്നും സമ്മേളനം അംഗീകരിച്ച പ്രമേയങ്ങളിലൂടെ ലൂടെ ആവശ്യപ്പെട്ടു.മേഖലാ പ്രസിഡണ്ട് ഇ ജി റാണി അധ്യക്ഷത വഹിച്ചു.സംസ്ഥാന വൈസ് ചെയർമാൻ ആർ രമേശ്ഉദ്ഘാടനം ചെയ്തു. മേഖലാ സെക്രട്ടറി പി ബി മനോജ്കുമാർ പ്രവർത്തന റിപ്പോർട്ടും ജില്ലാ പ്രസിഡണ്ട് പി ധനുഷ് സംഘടനാ റിപ്പോർട്ടും മേഖലാ ട്രഷറർ എം എ സജി കണക്കും അവതരിപ്പിച്ചു.സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ആർ ഹരീഷ് കുമാർ,ജില്ലാ സെക്രട്ടറി വി ജെ മെർളി, സംസ്ഥാന കമ്മിറ്റി അംഗം എ എം നൗഷാദ്, ജില്ലാ ജോയിന്റ് സെക്രട്ടറി ഇ കെ സുഷീർ,ജില്ലാ സെക്രട്ടറിയേറ്റ് അംഗം ടി ജി സുബിൻ, സംസ്ഥാന കൗൺസിൽ അംഗം എം കെ ഉണ്ണി,കണ്ണൻ ജി,യു എസ് ശരത്കാന്ത്, പി സി സംഗീത, പി സി സവിത എന്നിവർ സംസാരിച്ചു.

ഭാരവാഹികളായി കണ്ണൻ ജി (പ്രസിഡണ്ട്) യു എസ് ശരത്കാന്ത്, പി സി സംഗീത (വൈസ് പ്രസിഡണ്ടുമാർ) പി ബി മനോജ്കുമാർ (സെക്രട്ടറി) പി സി സവിത, പി വി ആൽവിൻ (ജോയിന്റ് സെക്രട്ടറിമാർ) ഇ എ ആശ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. മേഖലാ വനിതാ കമ്മിറ്റി ഭാരവാഹികളായി ശ്രീജ ശ്രീനിവാസൻ (പ്രസിഡണ്ട്) വിദ്യാ ചന്ദ്രൻ (സെക്രട്ടറി) എന്നിവരേയും തെരഞ്ഞെടുത്തു.

എച്ച് ഡി എസ് ജീവനക്കാരോടുള്ള അവഗണന അവസാനിപ്പിക്കുക: സുന്ദരൻ കുന്നത്തുള്ളി

മുളംകുന്നത്തുകാവ്: എച്ച് ഡിഎസ് ജീവനക്കാർക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിലും, കാഷ്വൽ ലീവും കോമ്പൻസേഷൻ ലീവും നൽകുവാൻ ചെയർമാൻ എന്ന നിലയിൽ കളക്ടർ തയ്യാറാകണമെന്ന് INTUC ജില്ലാ പ്രസിഡണ്ട് സുന്ദരൻ കുന്നത്തുള്ളി. തൊഴിലാളികൾക്ക് ഇ എസ് ഐ, ഇ പി എഫ് ആനുകൂല്യങ്ങൾ നടപ്പാക്കുന്നതിൽ ആശുപത്രി അധികൃതർ കാണിക്കുന്ന അലംഭാവം, കളക്ടർ അടിയന്തരമായി പുനഃ പരിശോധിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ശക്തമായ നടപടികളുമായി ഐഎൻടിയുസി മുന്നോട്ടുപോകുമെന്നും അദ്ദേഹം മുന്നറിയിപ്പു നൽകി. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് എച്ച് ഡി എസ് എംപ്ലോയീസ് കോൺഗ്രസ് അംഗത്വ മാസ പ്രചാരണത്തിന്റെ ഭാഗമായി, മെഡിക്കൽ കോളേജ് ആശുപത്രി അങ്കണത്തിൽ നടന്ന അംഗത്വ വിതരണം ഉദ്ഘാടനം ചെ പ്രസിഡന്റ് കെ എൻ നാരായണൻ അധ്യക്ഷത വഹിച്ചു. സി കെ ഹരിദാസ്, ഐ ആർ മണികണ്ഠൻ, രാജു ഫ്രാൻസിസ്, സി ഡി വത്സ, കെ ആർ ഷീല, ഷോബി പി എസ്, തുടങ്ങിയവർ സംസാരിച്ചു.

മാർ പോളി കണ്ണൂക്കാടന്റെ ജന്മദിനം

ഇരിങ്ങാലക്കുട: രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടന്റെ ജന്മദിനമായ ഇന്ന് കത്തീഡ്രൽ ദേവാലയത്തിലെ കുർബാനക്ക് ശേഷം മൈഗ്രെന്റസ് മിഷൻ രൂപത പ്രസിഡന്റ് ഷാജു വാലപ്പന്റെ നേതൃത്വത്തിൽ രൂപത കാര്യാലയത്തിൽ രൂപത,മേഖല,മറ്റ് രാജ്യങ്ങളിലെ കോർഡിനേറ്റർമാരും, മെമ്പർമാരും ചേർന്ന് ബൊക്ക നൽകുകയും മൈഗ്രെന്റസ് മിഷൻ പ്രവർത്തകർ

ജന്മദിനം ആഘോഷിക്കുന്ന ഇരിങ്ങാലക്കുട രൂപത ബിഷപ് മാർ പോളി കണ്ണൂക്കാടനെ മുൻ സർക്കാർ ചീഫ് വിപ് തോമസ് ഉണ്ണിയാടൻ അഭിനന്ദിക്കുന്നു.

കേക്ക് മുറിച്ച് പിതാവ് മധുരം വിളമ്പി, രൂപത കാര്യാലയത്തിലെ ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.തുടർന്ന് പിതാവ് മൈഗ്രെന്റസ് മിഷൻ പ്രവർത്തനങ്ങളുടെ ആവശ്യകതയെയും മുൻപോട്ടുള്ള പ്രവർത്തനങ്ങളെയും കുറിച്ച് സംസാരിക്കുകയും ചെയ്തു.

മൈഗ്രെന്റസ് മിഷൻ സംഘടന ഊന്നൽ കൊടുക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി, പിതാവിന്റെ ജന്മദിനത്തിൽ, പിതാവിന്റെ വയസ്സിനോട് തതുല്യമായ ഡയാലിസിസ് കിറ്റുകളുടെ ആകെ തുക ഭാരവാഹികൾ പിതാവിന്റെ കയ്യിൽ നൽകുകയുണ്ടായി.രൂപത പ്രസിഡന്റ് ഷാജു വാലപ്പൻ, മേഖല പ്രസിഡന്റ് ജോസ് മാമ്പിള്ളി,വിജു ടി.ടി,സന്ധ്യ സെബി,വർഗീസ് പന്തല്ലൂക്കാരൻ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.ലെജിൻ പോൾ,ജൂലി വർഗീസ്,ലിൻസി ഷാജു, ഡേവിസ് മാങ്ങൻ, വിൻസെന്റ് കൊച്ചാപ്പു എന്നിവർ നേതൃത്വം നൽകി.

കോടതി പരസ്യം

ബഹു. കുടുംബ കോടതി തൃശ്ശൂർ മുമ്പാകെ

O.P. No. 2343/2011
EP. 40/2025

ആശ @ മരിയ @ ജോജി മുതൽ പേർ

വിധി ഉടമകൾ

ജിജു, S/o ഫ്രാൻസീസ്, അരിമ്പൂർ ഹൗസ്, വെങ്ങിണിശ്ശേരി ദേശം, പാറളം വില്ലേജ്, തൃശ്ശൂർ

-1-ാം വിധികടക്കാരൻ

പത്രപരസ്യം

മേൽനമ്പിൽ വിധി പ്രകാരം ഹരജിപട്ടികവഹകൾ വിധി ഉടമകളുടെ പേരിൽ രജിസ്ട്രാക്കി ലഭിക്കുന്നതിന് വേണ്ടിയാണ് മേൽനമ്പ്രേ വിധി നടത്തുഹരജി ബോധിപ്പിച്ചിട്ടുള്ളത്. 1-ാം വിധി കടക്കാരനുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് **2-3-2026** തിയതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് 1-ാം വിധികടക്കാരനോ ക്രമപ്രകാരം ചുമതലപ്പെടുത്തിയ അഭിഭാഷകനോ കോടതിയിൽ ഹാജരായി കേസ് കാര്യത്തിൽ ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം നിങ്ങളുടെ ഭാഗം കേൾക്കാതെ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 6-12-2025

വിധിഉടമഭാഗം അഡ്വക്കേറ്റ്

സജി ജോസഫ് (ഒപ്പ്)

VISION 2031
AN INTERNATIONAL CONFERENCE ON DEVELOPMENT AND DEMOCRACY

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വക
കേരള സർക്കാർ

വിഷൻ 2031
അന്താരാഷ്ട്ര സമ്മേളനം

വികസനത്തിനും ജനാധിപത്യത്തിനും ആഗോള ചിന്താസംഗമം

കേരളം രൂപീകൃതമായിട്ട് 2031 ൽ 75 വർഷം തികയുകയാണ്. പുതിയ കേരളത്തെ ലോകത്തിന് മുന്നിൽ അവതരിപ്പിച്ച് വികസനത്തിന്റെ ദിശ നിർണ്ണയിക്കുന്നതിന് വേണ്ടി സംഘടിപ്പിക്കുന്ന ചിന്താസംഗമമാണ് വിഷൻ 31. ദീർഘ വീക്ഷണമുള്ള വികസന മാതൃകയുടെ വിളംബരം കൂടിയാണിത്

സാമൂഹ്യ നീതിയും സാമ്പത്തിക സമത്വവും മുൻനിർത്തിയുള്ള വികസന മാതൃകയുടെ അവലോകനം

ഉദ്ഘാടനം : ശ്രീ.പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

അധ്യക്ഷൻ : കെ. രാജൻ
ബഹു. റവന്യൂ മന്ത്രി

അമർത്യ സെൻ | റോമില ഥാപർ | ശകുന്തള തിൽസ്തദ് എന്നിവർ മുഖ്യപ്രഭാഷണം നടത്തും.

ഫെബ്രുവരി **15**ന് കേരള നിയമസഭാ സമുച്ചയത്തിലെ **ശങ്കരനാരായണൻ തമ്പി ഹാളിൽ**

പ്രധാന ആകർഷണങ്ങൾ

- **18** വ്യത്യസ്ത വിഷയങ്ങളിലായി സമഗ്ര ചർച്ചകൾ
- ഫെബ്രുവരി **16, 17** തീയതികളിൽ 9 വേദികളിലായി ടെക്നിക്കൽ സെഷനുകൾ
- **14** ജില്ലകളിൽ സംഘടിപ്പിച്ച **34** സെമിനാറുകളിൽ നിന്നുള്ള ആശയങ്ങളുടെ ക്രോഡീകരണം
- ദേശീയ-അന്തർദേശീയ വിദഗ്ധരുടെ പങ്കാളിത്തം
- 2031-ഓടെ എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിനും ജനാധിപത്യ വളർച്ചയ്ക്കുമായി സമഗ്ര കർമ്മരേഖ രൂപീകരണം
- കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക കാഴ്ചപ്പാട് പുനർപരിശോധന
- വികസനത്തിന്റെ അടുത്ത ഘട്ടത്തിനായുള്ള നയങ്ങളുടെയും പ്രവർത്തന രേഖയുടെയും ആവിഷ്കരണം
- ഭാവി വികസനത്തിനായുള്ള സമഗ്ര നയരേഖ രൂപീകരണം

സമാപന സമ്മേളനം

"മതേതരത്വം, ജനാധിപത്യം, സംവേദനാത്മക സർക്കാർ"

എന്ന വിഷയത്തിൽ

ഫാറൂഖ് അബ്ദുള്ള
പ്രകാശ് കാരാട്ട്
കനിമൊഴി കരുണാനിധി
ജസ്റ്റിസ് ഷാ

എന്നിവർ സംസാരിക്കുന്നു